**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 311** **28-06-2024 - ൽ മറുപടിയ്ക്ക്**

**കുവൈറ്റിലെ മംഗഫിലുണ്ടായ തീപിടിത്തം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കുവൈറ്റിലെ മംഗഫിലുണ്ടായ തീപിടിത്തത്തിൽ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് മുഖ്യമന്ത്രി കേന്ദ്ര വിദേശകാര്യ മന്ത്രിയ്ക്ക് അടിയന്തര സന്ദേശം അയച്ചിരുന്നോ; | (എ) | **12.06.2024-ന് കുവൈറ്റിലെ മംഗഫിൽ ഉണ്ടായ തീപിടുത്തത്തെ തുടർന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങളും രക്ഷാപ്രവർത്തനങ്ങളും ഏകോപിപ്പിക്കുവാൻ, കേന്ദ്ര സർക്കാരിന്റെ അടിയന്തിര ഇടപെടൽ ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി കേന്ദ്ര വിദേശകാര്യ മന്ത്രിയ്ക്ക് അന്നേ ദിവസം തന്നെ അടിയന്തിര സന്ദേശം അയച്ചിരുന്നു.** |
| (ബി) | കുവൈറ്റ് സർക്കാരുമായി ബന്ധപ്പെട്ട് ദുരിതാശ്വാസ പ്രവർത്തനങ്ങളും രക്ഷാപ്രവർത്തനങ്ങളും ഏകോപിപ്പിക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ ഇന്ത്യൻ എംബസിക്ക് നൽകണമെന്ന് പ്രസ്തുത സന്ദേശത്തിൽ അഭ്യർത്ഥിച്ചിരുന്നോ; | (ബി) | **12.06.2024-ന് കുവൈറ്റിലെ മംഗഫിൽ ഉണ്ടായ തീപിടുത്തത്തെ തുടർന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങളും രക്ഷാപ്രവർത്തനങ്ങളും ഏകോപിപ്പിക്കുവാൻ, കേന്ദ്ര സർക്കാരിന്റെ അടിയന്തിര ഇടപെടൽ ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി കേന്ദ്ര വിദേശകാര്യ മന്ത്രിയ്ക്ക് അന്നേ ദിവസം തന്നെ അടിയന്തിര സന്ദേശം അയച്ചിരുന്നു.** |
| (സി) | ദുരന്ത പശ്ചാത്തലത്തിൽ മന്ത്രിസഭാ യോഗം ചേർന്ന് സ്ഥിതിഗതികൾ വിശദമായി ചർച്ച ചെയ്തിരുന്നോ; ദുരന്ത മുഖത്തെ രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുവാനും പ്രവാസികളെ ആശ്വസിപ്പിക്കുന്നതിനുമായി മന്ത്രിസഭയുടെ പ്രതിനിധി എന്ന നിലയിൽ ആരോഗ്യ വകുപ്പ് മന്ത്രിയെ കുവൈറ്റിൽ അയയ്ക്കുന്നതിന് തീരുമാനിച്ചിരുന്നോ; | (സി) | 13.06.2024 -ൽ ചേർന്ന മന്ത്രിസഭാ യോഗം കുവൈറ്റിലുണ്ടായ ദുരന്തം സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുകയും ദുരന്ത മുഖത്തെ രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുവാനും പ്രവാസികളെ ആശ്വസിപ്പിക്കുവാനുമായി മന്ത്രിസഭയുടെ പ്രതിനിധി എന്ന നിലയിൽ ആരോഗ്യ വനിതാ ശിശുവികസന വകുപ്പ് മന്ത്രിയെ കുവൈറ്റിലേക്ക് അയക്കുവാൻ തീരുമാനിച്ചിരുന്നു. |
| (ഡി) | പ്രസ്തുത യാത്രാനുമതിയ്ക്കായി കേന്ദ്രസർക്കാരിന് രേഖാമൂലം കത്ത് നൽകിയിരുന്നോ; അതിന്മേൽ കേന്ദ്ര സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കുമോ? | (ഡി) | പ്രസ്തുത യാത്രാനുമതിയ്ക്കായി കേന്ദ്രസർക്കാരിന് ഓൺലൈൻ മുഖേന സംസ്ഥാന സർക്കാർ അപേക്ഷ നൽകിയിരുന്നു. എന്നാൽ കേന്ദ്ര സർക്കാരിൽ നിന്നും യാതൊരു അറിയിപ്പും ലഭിച്ചില്ല. ഇക്കാര്യത്തിൽ കേന്ദ്ര വിദേശകാര്യ വകുപ്പിന്റെ നിലപാട് നിർഭാഗ്യകരമാണെന്ന് ചൂണ്ടിക്കാട്ടി മുഖ്യമന്ത്രി ബഹു.പ്രധാനമന്ത്രിയ്ക്ക് കത്തയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ